പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2159 10.10.2011 ൽ മറുപടിയ്ക്ക്

## മുല്ലപ്പെരിയാർ ഉന്നതാധികാര സമിതിയുടെ നിർദ്ദേശങ്ങൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. ഇ. കെ. വിജയൻ
ശ്രീ. കെ. അജിത്
ശ്രീമതി ഇ. എസ്. ബിജിമോൾ

**ഉത്തരം**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവ മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാർ പ്രശ്നം സംബന്ധിച്ച് സുപ്രീം കോടതി നിയമിച്ച ഉന്നതാധികാര സമിതി സംസ്ഥാനത്തിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമെന്നും വ്യക്തമാക്കുമോ; | (എ) ബഹുമാനപ്പെട്ട ഉന്നതാധികാര സമിതി കേരളത്തിനോട് മുല്ലപ്പെരിയാർ പ്രശ്നവുമായി ബന്ധപ്പെട്ട വിവിധ സാങ്കേതിക വിവരങ്ങളും/വസ്തുതകളും ലഭ്യമാക്കുവാനും പഠനങ്ങൾ നടത്തുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. അതിൽ പുതിയ മുല്ലപ്പെരിയാർ ഡാമിന്റെ സാദ്ധ്യതാ റിപ്പോർട്ടും ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ടും ഉൾപ്പെടുന്നു. |
| (ബി) പുതിയ അണക്കെട്ടിനുള്ള പദ്ധതി രേഖ തയ്യാറായിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) പുതിയ അണക്കെട്ട് പണിയുമ്പോൾ പഴയ അണക്കെട്ട് എന്തു ചെയ്യുമെന്ന് വ്യക്തമാക്കാൻ കേരളത്തിന് കഴിഞ്ഞിട്ടില്ല എന്ന ഉന്നതാധികാര സമിതിയുടെ ആക്ഷേപത്തിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (സി) ഇതു സംബന്ധിച്ച നിർദ്ദേശങ്ങൾ പുതിയ അണക്കെട്ടിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സമിതിക്കു മുൻപാകെ 30.9.2011 ൽ കേരളം ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ